റുള്ളൂ. പല തസ്തികകളിലും പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം കുറവായി കാണുന്നതിനാൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

116 (3441) തരിശുഭൂമിയിലെ കൃഷി

പ്രൊഫ. എ.വി. താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിലുള്ള തരിശുഭൂമിയുടെ ഉടമസ്ഥർക്ക് ആവശ്യമായ ബോധവത്ക്കരണം നടത്തി, സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ഫലപ്രദമാകത്തക്ക രീതിയിലും കാർഷിക തൊഴിലാളികളുടെ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനുംവേണ്ടി കൃഷി കാര്യക്ഷമമാക്കുന്നതിന് വേണ്ട പദ്ധതികൾ ആവിഷ്കരിക്കുമോ;

(ബി) വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്തെ കൃഷിക്ക് ഉപയുക്തമായ തരിശുഭൂമിയിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്തു നടപ്പാക്കുന്നുണ്ട്. ഇതനുസരിച്ച് സംസ്ഥാന പദ്ധതി പ്രകാരം 1600 ഹെക്ടർ പ്രദേശത്തും കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 270 ഹെക്ടർ പ്രദേശത്തും പുതുതായി കശുമാവ് കൃഷി വ്യാപനം നടത്തുന്നതാണ്. കൂടാതെ മുന്നാംവിളക്കാലത്ത് തരിശിടുന്ന നെൽകൃഷി പ്രദേശങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്ന പരിപാടിയും 'ഊർജ്ജിത പച്ചക്കറി വികസന പദ്ധതി'യുടെ ഭാഗമായി നടത്തുന്നു. കൃഷി ചെയ്യാതെ കിടക്കുന്ന പ്രദേശം ഉൾപ്പെടെ മുഴുവൻ സ്ഥലവും കൃഷിക്ക് ഉപയുക്തമാക്കുന്നതിനുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്തിന് ഒരു കൃഷിനയം രൂപവത്ക്കരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നിയോഗിക്കപ്പെട്ട ഡോ. എം.എസ്. സ്വാമിനാഥൻ കമ്മിഷന്റെ റിപ്പോർട്ട് ലഭിച്ചശേഷം കൂടുതൽ നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

117 (3442) കാലവർഷക്കെടുതി

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മടിക്കൈ പഞ്ചായത്തിൽ കാലവർഷക്കെടുതിയിൽ നേന്ത്രവാഴക്കൃഷി നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്രലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന കണക്ക് ശേഖരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മടിക്കൈ പഞ്ചായത്തിൽ 11,49,010 രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(സി) നാശനഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

118 (3443) മരമടി മഹോത്സവം

ശ്രീ. കെ. സുധാകരൻ :

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം മരമടിമഹോത്സവം നടത്തുന്നുണ്ട് എന്നറിയിക്കുമോ;

(ബി) ഈ ഉൽസവങ്ങളിൽ ഗവൺമെന്റിന് എന്തെങ്കിലും പങ്കാളിത്തമുണ്ടോ;

(സി) ഇപ്പോൾ വളരെ പ്രസിദ്ധി ലഭിച്ചിട്ടുള്ള മരമടി മഹോത്സവങ്ങൾ കൂടുതൽ ആകർഷകമാക്കാനും മെച്ചപ്പെട്ട നിലയിൽ സംഘടിപ്പിക്കുവാനും ഗവൺമെന്റിന് എന്തെല്ലാം സംഭാവനകൾ നൽകാൻ കഴിയുമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രധാനമായും താഴെപ്പറയുന്ന സ്ഥലങ്ങളിൽ മരമടി മഹോത്സവം നടത്തപ്പെടുന്നുണ്ട്.

1.	തിരുവനന്തപുരം	-	കാറാത്തല (ചെറുന്നിയൂർ) കല്ലറ
2.	കൊല്ലം	-	വേയ്ക്കൽ ഏല (നിലമേൽ)
3.	ആലപ്പുഴ	-	ഓച്ചിറ
4.	എറണാകുളം	-	കാക്കൂർ, കാളവയൽ
5.	പാലക്കാട്	-	കുഴൽമന്ദം
6.	കോഴിക്കോട്	-	നരിക്കുറി, കടലുണ്ടി
7.	വയനാട്	-	മാനന്തവാടി

(ബി) ഇല്ല.

(സി) മരമടി പ്രോത്സാഹിപ്പിക്കുന്നതിന് 1997-98 ന് മുൻപ് ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ നിന്നും 500/- രൂപ നൽകിയിരുന്നു. തുടർന്ന് ധനസഹായം നൽകുന്നതിനായി പദ്ധതികളൊന്നും ഇപ്പോൾ ഇല്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly